# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2407 — 18.06.2014-ലെ മറുപടിക്ക്**

**തിരുവനന്തപുരം ജനറൽ ആശുപത്രിയും തൈക്കാട് ആശുപത്രിയും സംയോജിപ്പിച്ചു കൊണ്ടുള്ള പുതിയ മെഡിക്കൽ കോളേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം ജനറൽ ആശുപത്രിയും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും സംയോജിപ്പിച്ചു കൊണ്ട് ഒരു പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുമെന്ന വിഷയത്തിലുള്ള ഇപ്പോഴുള്ള പുരോഗതി വ്യക്തമാക്കുമോ; | എ) തിരുവനന്തപുരം ജനറൽ ആശുപത്രിയും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും സംയോജിപ്പിച്ചു കൊണ്ട് തുടങ്ങുന്ന പുതിയ മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് ബി.എസ്.എൻ.എൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിന്റെ പ്രാഥമിക ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞിട്ടുണ്ട്. ബി.എസ്.എൻ;എൽ സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 190 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ ആസ്ഥാനം എവിടെയാണെന്നും പ്രസ്തുത കോളേജ് സ്ഥാപിക്കുന്നതിനായി എത്ര കോടി രൂപ ചെലവഴിക്കുമെന്നും വ്യക്തമാക്കുമോ; | ബി) തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിലാണ് പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരം 190 കോടി രൂപയിലധികം ചെലവു വരുമെന്നു പ്രതീക്ഷിക്കുന്നു. |
| സി) പ്രസ്തുത മെഡിക്കൽ കോളേജ് എന്നത്തേക്ക് പ്രവർത്തന സജ്ജമാകും എന്നു വ്യക്തമാക്കുമോ? | സി) നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിക്ക് അനുസരിച്ച് പ്രസ്തുത മെഡിക്കൽ കോളേജ് പ്രവർത്തന സജ്ജമാകുന്നതാണ്. 2015ൽ അഡ്മിഷൻ ആരംഭിക്കാൻ കഴിയുമെന്നു കരുതുന്നു. |

സെക്ഷൻ ഓഫീസർ